**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5462** **21-07-2022 - ൽ മറുപടിയ്ക്ക്**

**പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു.<br><br>ആരോഗ്യപരവും അത്യുല്പാദനശേഷിയുള്ളതുമായ ഉരുക്കളെ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് കൊണ്ടുള്ള 'കിടാരി പാർക്ക്', തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടുതൽ നൽകിക്കൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് കൊണ്ടുള്ള 'ക്ഷീര ഗ്രാമം' എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു.<br><br>തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.<br><br>മിൽമ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.<br><br>മലബാർ മേഖലാ യൂണിയനിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി പശുവളർത്തൽ ഉപജീവനമായി സ്വീകരിച്ചവർക്ക് അവരുടെ ദൈനംദിന തീറ്റ വസ്തുക്കളുടെ ആവശ്യകത അനുസരിച്ച് ഗുണമേന്മയുള്ള തീറ്റ വസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള |

| | | | |
|---|---|---|---|
| | | | സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും സമീകൃത കാലിത്തീറ്റയും ഇതര തീറ്റവസ്തുക്കളായ കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്. ഗോതമ്പുതവിട് എന്നിവ ലഭ്യമാക്കുന്നുണ്ട്. അർഹരായ കർഷകർക്ക് പകുതി വിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവ മലബാർ മിൽമ നൽകുന്നുണ്ട്.<br><br>എറണാകുളം മേഖലായൂണിയന്റെ കീഴിലുള്ള സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം വർദ്ധിച്ചിട്ടുള്ളതിനാൽ മേഖലായൂണിയന് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ